മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവകലാശാല വെബ്സൈറ്റ് നവീകരണം സംബന്ധിച്ച് 04.03.2021, 3.30 pm, വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ**

സ:ഉ:നം: 332-A/CMS/Website Revamping/3/2021. തീയതി:05.03.2021.

---

പരാമർശം: വൈസ്-ചാൻസിലറുടെ ഉത്തരവ് തീയതി 05.03.2021.

**ഉത്തരവ്**

സർവകലാശാല വെബ്സൈറ്റ് നവീകരണം സംബന്ധിച്ച് 04.03.2021, 3.30 pm, ബഹു: വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗം താഴേ പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തു.

1. സർവകലാശാല വെബ്സൈറ്റ് നവീകരിക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റിയിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളുടെ മാതൃക (home page wire frame) കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ ഓഫീസർ യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് മാതൃകയിൽ വരുത്തേണ്ട മാറ്റങ്ങൾ യോഗത്തിൽ വിശദമായി ചർച്ചചെയ്യുക ഉണ്ടായി.
2. മഹാത്മാ ഗാന്ധിയുടെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന മുഖം മാത്രമുള്ള സ്കെച്ച് മാറ്റി പൂർണ്ണ രൂപത്തിൽ ഉള്ള ഒരു സ്കെച്ച് സെൻട്രലൈസ് ചെയ്ത് ഉൾപ്പെടുത്തുവാൻ യോഗം ശിപാർശ ചെയതു .
3. സർവകലാശാല ലോഗോ വെബ്സൈറ്റിൻറെ ഹോം പേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത് താരതമ്യേന വലുപ്പം കുറവായതിനാൽ വലുപ്പം ആനുപാതികമായി കൂട്ടാൻ യോഗം ശിപാർശ ചെയ്തു.
4. നവീകരിക്കുന്ന വെബ്സൈറ്റിൽ Roboto 13 ഫോണ്ട് ഉപയോഗിക്കാൻ യോഗം ശിപാർശ ചെയ്തു.
5. വെബ്സൈറ്റ് go-live ആകുമ്പോൾ ഉൾപെടുത്തുവാനുള്ള നല്ല ചിത്രങ്ങൾ സമാഹരിച്ചു നൽകുവാൻ ശിപാർശ ചെയ്തു.
6. ഹോം പേജിന്റെ മാതൃകയിൽ നിലവിൽ മുകളിൽ കൊടുത്തിരിക്കുന്ന 5 ലിങ്കുകൾ മാറ്റി അവിടെ ഒരു single line achievements നൽകാൻ ശിപാർശ ചെയ്തു.
7. ഇ-സർവീസ് ന് ശേഷം contact us ലിങ്ക് ഉൾപ്പെടുത്തുവാൻ ശിപാർശ ചെയ്തു.
8. നവീകരിക്കുന്ന വെബ്സൈറ്റിന്റെ ഗ്രാഫിക്/വെബ് ഡിസൈനിങ് ജോലികൾ നിർവഹിക്കാൻ, ടി മേഖലയിൽ പ്രാവിണ്യമുള്ള ഒരു പ്രോഗ്രാമ്മറെ CITAD സെക്ഷനിൽ നിന്നും നിയോഗിക്കുവാൻ ശിപാർശ ചെയ്തു.

9. വെബ്സൈറ്റിന്റെ നിലവിലുള്ള AMC അടുത്ത മാസം അവസാനിക്കുന്ന സാഹചര്യത്തിൽ AMC രണ്ട് വർഷത്തേക്ക് കൂടി പുതുക്കുന്നതിന് കൊട്ടേഷനുകൾ ക്ഷണിക്കാൻ ശിപാർശ ചെയ്തു.

10. സർവകലാശാലയുടെ വെബ്സൈറ്റ് ഇപ്പോൾ തികച്ചും user friendly അല്ലാത്തതിനാലും, കഴിഞ്ഞ വർഷത്തെ ചാൻസിലേർസ് അവാർഡ് പരിഗണനയിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ വെബ്സൈറ്റിന് തീരെ കുറവ് മാർക്ക് ലഭിച്ചതിനാലും, വെബ്സൈറ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി, മോടി പിടിപ്പിക്കുവാൻ വേണ്ടി ഈ മേഖലയിൽ നല്ല പ്രാവീണ്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത കൊട്ടേഷനുകൾ ക്ഷണിച്ച് കാര്യങ്ങൾ അടിയന്തിരമായി നിർവഹിക്കുവാൻ യോഗം ശുപാർശ ചെയ്തു. ചാൻസിലേർസ് അവാർഡ് നിർണ്ണയം പടിവാതിക്കൽ നിൽക്കുന്നതിനാൽ വെബ്സൈറ്റ് എത്രയും വേഗം നവീകരിച്ച് 'go-live' ആക്കണം എന്ന് യോഗം ഐക്യകണ്ഠേന ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു: വൈസ്-ചാൻസലർ പരാമർശം (1) പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്/-
ലേഖ .ജെ
അസിസ്റ്റന്റ് രജിസ്ട്രാർ-V (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി./പി.വി.സി. എന്നിവരുടെ പി.എസ്. മാർ.
2. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസിൽ എന്നിവരുടെ പി.എ. മാർ.
3. വെബ്സൈറ്റ് നീരിക്ഷണ/അവലോകന സമിതി അംഗങ്ങൾ.
4. സിസ്റ്റം മാനേജർ/ഐ.ടി. കോ-ഓർഡിനേറ്റർ/പി.ആർ.ഒ.
5. CETEX/CITAD/EA/Records സെക്ഷനുകൾ.
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ